(ബി) ചില വിഭാഗം ഡോക്ടർമാർക്ക് പെൻഷൻ പ്രായം കൂട്ടാനിടയായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ വ്യാപകമായ തോതിൽ അവരുടെ സേവന സമയങ്ങളിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പി.എസ്.സി. ലിസ്റ്റിൽനിന്നും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ച് തുടങ്ങിയിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും 7-5-2014-ൽ നിയമന ശിപാർശ ലഭിച്ച 193 പേർക്കും 16-7-2014-ൽ നിയമന ശിപാർശ ലഭിച്ച 30 പേർക്കും ആരോഗ്യ വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ 1-8-2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നടത്തപ്പെട്ട കൗൺസിലിംഗിൽവച്ച് 58 പേർ മാത്രമാണ് ജോലിയിൽ പ്രവേശിച്ചത്. പ്രസ്തുത ഡോക്ടർമാരുടെ പേരും നിയമിച്ച ആശുപത്രിയുടെ പേരും അനുബന്ധമായി ചേർത്തിരിക്കുന്നു.*

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

(ബി) ഡോക്ടർമാരുടെ ദൗർലഭ്യവും പകർച്ചവ്യാധികൾ നേരിടേണ്ട ആവശ്യവും കണക്കിലെടുത്താണ് ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയ ആരോഗ്യ പാക്കേജ്

93 (4377) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയതായി പ്രഖ്യാപിച്ച ആരോഗ്യ പാക്കേജുകൾ എന്തെല്ലാം;

(ബി) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയതായി പ്രഖ്യാപിച്ച ആരോഗ്യ പാക്കേജുകൾ എന്തെല്ലാം?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെക്കൂടി ദേശീയ ആരോഗ്യ മിഷൻവഴി നിയമിച്ച് ഫീൽഡുതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു. ഗർഭിണികൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അയൺഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ-എ നൽകൽ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. ഗുരുതരമായ പോഷകക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി മൂന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് സി.എച്ച്.സി. അഗളി, പി.എച്ച്.സി. പുളൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ചെറിയ പോഷകക്കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡുതലത്തിൽ അങ്കണവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷക കുറവുള്ള കുട്ടികൾ 299 ആയിരുന്നത് 62 (10-12-2014-ന്) ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വർഷം ഇതുവരെ 14 (10-12-2014 വരെ) മരണങ്ങളാണ് നടന്നിട്ടുള്ളത്.

അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുകവഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് . ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു. അഗളി സി.എച്ച്.സി., ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി.-കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

എൻ.ആർ.എച്ച്.എം.-ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യ പാക്കേജുവഴി ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവജാതശിശു പരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

അഞ്ചുവയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി നടന്നുവരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാക്കുന്നവിധം ക്രമീകരിച്ചിട്ടുണ്ട്.

അണ്ടൂർക്കോണം പ്രാഥമികാരോഗ്യകേന്ദ്രം അപ്ഗ്രഡേഷൻ

94 (4378) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അണ്ടൂർക്കോണം പ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദമാക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം അണ്ടൂർക്കോണം പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി. ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അണ്ടൂർക്കോണം പി.എച്ച്.സി.-യെ അപ്ഗ്രേഡ് ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കൽ

95 (4379) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലുള്ള തരം തിരിക്കലാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരസഭ പ്രസ്തുത രീതിയിൽ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത രീതിയിൽ ശുചിത്വകാര്യങ്ങൾ നിർബന്ധമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly